# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.24 AUGUST NO.8



RN.NO.70681\97. POSTAL.L.NO. G.KCH.118 /2012- 2014

Pray...Pray...Pray

## Mega Convention

**Place:**

**Ghalkadi Village Ground**

**Date:**

**6,7,8 November 2012**

**Speaker:**

**Bro.Philip Kutty-Punalur**

**Gospel Music by:**

**Bro.Edwin Paul & Team**

പ്രത്യേകത:

വടക്കേയിന്ത്യൻ ബ്രദറൺ സഭകളുടെ ചരിത്രത്തിൽ ആദ്യമായി ജാതിമതഭേദമെന്യേ പതിനായിരം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബ്രദറൺ മെഗാ കൺവെൻഷൻ.

**Organized by:**

**Gujarat Brethren Bible Institute.**

**വായനക്കാരുടെ അടിയന്തര ശ്രദ്ധയ്ക്ക്**

ഹാപ്പിവോയ്സിന്റെ മെയ്ലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. വിലാസമാററമുള്ളവർ ദയവായി അറിയിച്ചാലും. (ചീഫ് എഡിററർ)

**Read... Subscribe... Happy Voice**

Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.24. **Happy Voice - സന്തോഷ ധ്വനി** 2012 NO.8

**പത്രാധിപർ എഴുതുന്നു:-**

# നീ മിണ്ടാതിരുന്നാൽ...

വളരെ സുപരിചിതമായ ഒരു വാക്യത്തിന്റെ ഒരു ഭാഗമാണ് മേൽ പ്രസ്താവിച്ചിരിക്കുന്നത്. ബാബേൽരാജാവായ നെബുഖദ്നേസർ പിടിച്ചുകൊണ്ടുപോയ യഹൂദ രാജാവായ യെഖൊന്യാവോടുകൂടെ കൊണ്ടുപോയിരുന്ന പ്രവാസികളുടെ കൂട്ടത്തിലുണ്ടായിരുന്ന യായീരിന്റെ മകനായ മൊർദ്ദെഖായി എന്ന സാധാരണവ്യക്തി തന്റെ വളർത്തു പുത്രിയും അഹശ്വരോശ് രാജാവിന്റെ രാജ്ഞിയുമായ എസ്ഥേറിനോട് പറയുന്ന വാക്കുകളാണ് "നീ രാജധാനിയിൽ ഇരിക്കുകയാൽ എല്ലാ യഹൂദൻമാരിലും വെച്ച് രക്ഷപ്പെട്ടുകൊള്ളാമെന്നു വിചാരിക്കേണ്ട, നീ ഈ സമയത്ത് മിണ്ടാതിരുന്നാൽ യെഹൂദൻമാർക്ക് മറെറാരു സ്ഥലത്തു നിന്നും രക്ഷയും ഉദ്ധാരണവും ഉണ്ടാകും; എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും. ഇങ്ങനെയുള്ളോരു കാലത്തിനായിട്ടല്ലോ നീ രാജസ്ഥാനത്തു വന്നിരിക്കുന്നത്, ആർക്ക് അറിയാം".(എസ്ഥേർ 4:13,14).

മൊർദ്ദെഖായി എസ്ഥേറിനോട് പറഞ്ഞ വാക്കുകൾ ഇന്നത്തെ ദൈവജനങ്ങൾ ഒരു മുന്നറിയിപ്പായി എടുത്തെങ്കിൽ എന്ന് ആശിക്കയാണ്. ഒരു സമൂഹത്തിന്റെ ഉദ്ധാരണത്തിനും രക്ഷയ്ക്കുംവേണ്ടി ഉണർന്നു പ്രവർത്തിക്കുന്ന ഒരു വ്യക്തിയെയാണ് മൊർദ്ദെഖായിയിൽ കൂടെ നാം കാണുന്നത്. താൻ ആരാണെന്നും, ഉത്തരവാദിത്വം എന്താണെന്നും, ആ ഉത്തരവാദിത്വ നിർവ്വഹണത്തിങ്കൽ സംഭവിക്കാവുന്ന ഭവിഷ്യത്തുകൾ എന്താണെന്നും, തന്റെ ഉത്തരവാദിത്വ നിർവഹണത്തിങ്കൽ വീഴ്ച വരുത്തിയാൽ ഒരു സമൂഹത്തിനു സംഭവിക്കുന്ന ഭീകരമായ അവസ്ഥയെന്തെന്നും നല്ലവണ്ണം അറിയാവുന്ന മൊർദ്ദെഖായി ഒരു സമൂഹത്തിന്റെ നൻമയ്ക്കുവേണ്ടി തന്നെത്തന്നെ ബലികഴിക്കാനും ആ ഉത്തരവാദിത്വം തന്റെ മകളിലേക്ക് പകുത്തു നൽകുവാനും തയ്യാറാകുകയാണ്. എത്ര നല്ല ഒരു മാതൃക.

നമ്മുടെ സഭകളിലേക്ക് നാം ഒന്നു കണ്ണോടിക്കയാണെങ്കിൽ മിണ്ടാതിരിക്കുന്ന മൊർദ്ദെഖായിമാരെയും അവരുടെ മക്കളെയുമാണ് ബഹുഭൂരിപക്ഷവും കാണുവാൻ സാധിക്കുക. പ്രതീക്ഷിക്കാത്തനിലയിലുള്ള അനുഗ്രഹങ്ങളും സാഹചര്യങ്ങളും അനേകരുടെ ജീവിതത്തിൽ ദൈവം കൊടുത്തപ്പോൾ അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കയും നശിച്ചുപോകുന്ന ജനങ്ങളെ കണ്ടില്ലയെന്നു നടിക്കയുമാണ് ഇന്നത്തെ അനേക വിശ്വാസികൾ. ദൈവത്തിന്റെ ആത്മാവ് ഇവിടെ വളരെ വ്യക്തമായ നിലയിൽ ഒരു സത്യം വെളിപ്പെടുത്തിയിട്ടുണ്ട്.ഒരു വിശ്വാസി തന്റെ ഉത്തരവാദിത്വം ചെയ്യേണ്ടുന്ന വിധത്തിൽ

➲2



ചെയ്യുന്നില്ലെങ്കിൽ ദൈവം മറെറാരു വിധത്തിൽ അല്ലെങ്കിൽ മറെറാരു മാർഗ്ഗത്തിൽ ആ ശുശ്രൂഷ നിറവേററും. ഏതെങ്കിലും ഒരു വ്യക്തിയിൽ അടിസ്ഥാനപ്പെട്ടിട്ടുള്ളതല്ല ആത്മിയ ശുശ്രൂഷ അഥവാ കത്തൃവേല. അവസ രങ്ങൾ ഉണ്ടായിരുന്നിട്ടും മിണ്ടാതിരിക്കയും, സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും ചെയ്യാതിരിക്കയും ചെയ്യുന്നവർക്കുള്ള ഒരു ഭയ നിർദ്ദേശമാണ് അടുത്ത വാചകത്തിൽ നാം കാണുന്നത് യഹൂദൻമാർക്ക് മറെറാരു സ്ഥലത്തു നിന്നും ഉദ്ധാരണം ഉണ്ടാകും. എന്നാൽ നീയും നിന്റെ പിതൃഭവനവും നശിച്ചുപോകും.

ഇന്ന് നമ്മുടെയിടയിലെ ആത്മിയ ശുശ്രുഷകൾ അധികവും നടക്കുന്നത് വിരലിലെണ്ണാവുന്ന ചില മൊർദ്ദെഖായിമാരിൽ കൂടെയും അവരുടെ മക്കളിലൂടെയുമാണ് നടക്കുന്നത്. . ഉത്തരവാദിത്വം അറിഞ്ഞു പ്രവർത്തിക്കുന്നവർ. നശിച്ചുപോകുന്ന ഒരു സമൂഹത്തിന്റെ ചിന്ത മാത്രം മനസ്സിൽ കൊണ്ടു നടക്കുന്നവർ. നശിച്ചുപോകുന്ന പാപികളുടെ അവസ്ഥ മനസ്സിൽ കൊണ്ടു നടക്കയും അവർക്കുവേണ്ടി കണ്ണീരോടുകൂടെ പ്രാർത്ഥിക്കയും അവരുടെ രക്ഷയ്ക്കും ഉദ്ധാരണത്തിനുംവേണ്ടി പ്രോത്സാഹനത്തിന്റെയും മുന്നറിയിപ്പിന്റെയും വാക്കുകളിലൂടെ ഉത്സാഹിപ്പിക്കുന്നവർ.

എന്നാൽ ബഹുഭൂരിപക്ഷം വിശ്വാസികളും അവരുടെ പദവികളിലും ഭൗതിക നൻമകളിലും മതിമറന്ന് സുവിശേഷീകരണത്തിന്റെ പ്രാധാന്യതയെ തൃണവൽഗണിച്ചുകൊണ്ട് അന്തഃപുരത്തിൽ വാഴുകയാണ്. സ്വന്തവും ബന്ധവും നോക്കി മിണ്ടുന്നവർ. ആത്മാക്കളുടെ രക്ഷയെക്കാൾ പ്രിയപ്പെട്ടവരുടെ "രക്ഷ"യ്ക്ക് പ്രാധാന്യം കൊടുക്കുന്നവർ. ചില സഭകളിലെ മൂപ്പൻമാർ അവരുമായി ബന്ധപ്പെട്ടു നില്ക്കുന്നവരുടെ ചില വിഷയങ്ങൾ സഭകളിൽ അറിയിക്കുമ്പോൾ വേണ്ടുന്ന ഒത്താശകൾ ചെയ്തുകൊടുക്കുന്നതായുംനമുക്കു കാണാം.സഭകളിലിരുന്നുകൊണ്ട് ഇഷ്ട ജനങ്ങങ്ങൾക്കുവേണ്ടി മിണ്ടുന്നവരും ഇഷ്ടമില്ലാത്തവർക്കുവേണ്ടി മൗനം പാലിക്കുന്നവരുമാണ്. ഇങ്ങനെയുള്ളവർ ഒരു കാര്യം ഓർത്താൽ നന്നായിരിക്കും. നീ മൗനമായിരുന്നാൽ ദൈവം മററുള്ളവരെക്കൊണ്ട് ശബ്ദിക്കും. നീ ചെയ്യാതിരുന്നാൽ ദൈവം മററുള്ളവരെക്കൊണ്ട് ചെയ്യിക്കും. പലരുടെയും പ്രസ്ഥാനവും, പദവിയും അവരുടെയും കുടുംബങ്ങളുടെയും രക്ഷയ്ക്കായി നിലകൊള്ളുന്നു.

പ്രിയ വിശ്വാസി, നീ മിണ്ടാതിരുന്നാലും ചെയ്യാതിരുന്നാലും ദൈവം തന്റെ ജനത്തിനുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കും. ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. ദൈവം നിങ്ങൾക്ക് തന്നിരിക്കുന്ന സാഹചര്യങ്ങൾ ദൈവനാമമഹത്വത്തിനായും, സുവിശേഷീകരണത്തിന്റെ അഭിവൃദ്ധിക്കായും പ്രയോജനപ്പെടുത്തുക. നിങ്ങളുടെ ഒരു വാക്ക്, പ്രാർത്ഥന, ഭൗതിക നൻമ ചിലപ്പോൾ ഒരു വലിയ വിടുതലിനു കാരണമാകും. അതിനാൽ ദൈവം തന്നിരിക്കുന്ന ഭൗതിക നൻമകൾ, മാനം,സ്ഥാനം, പദവി ഇവയൊക്കെ ദൈവനാമമഹത്വത്തിനായി മാത്രം ഉപയോഗിക്കുക. മിണ്ടാതിരുന്നാൽ...ഈ വാക്ക് നിന്റെ കർണ്ണപുടത്തിൽ എപ്പോഴും മുഴങ്ങട്ടെ. ചിന്തിക്കുക **(SP)**

# ഹല്ലേലുയ്യ

**Jose Mathew-Hathoj**

ഒക്രൈസ്തവ ലോകം മുഴുവൻ ചിരപ്രതിഷ്ഠ നേടിയ രണ്ടു എബ്രായ പദങ്ങളിൽ ഒന്നാണ് ഹല്ലേലുയ്യാ. ക്രിസ്തീയ ആരാധനയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പദമാണിത്. എബ്രായ ഭാഷയിൽ നിന്നും എടുത്തിട്ടുള്ള ഈ പദം ഇതേ രൂപത്തിൽ ഗ്രീക്കിലും,ഇംഗ്ലീഷിലും, മലയാളത്തിലും ഉപയോഗിച്ചിട്ടുണ്ട്. എബ്രായ ഭാഷയിലെ ഹല്ലേലു-സ്തുതിക്കുക,യാഹ്-യഹോവ എന്നീ രണ്ടു പദങ്ങൾ ചേർന്ന സന്ധിപ്രയോഗമാണ് ഹല്ലേലുയ്യ എന്ന പദം. സ്തുതിക്കുവിൻ എന്ന ആഹ്വാനവും യാഹ് എന്ന നിർദ്ദേശിക വിഭക്തിയും കൂടി ചേർന്നതാണ് ഹല്ലേലുയ്യ.

ആരാധന മദ്ധ്യേ യഹോവയെ സ്തുതിക്കുവാനുള്ള ആഹ്വാനം നല്കുകയാണ് ഈ പദത്തിന്റെ ഉദ്ദേശം. എന്നാൽ ഇന്ന് ചില സഭകളുടെ ആരാധനയുടെ ഒരു ഘടകമായി തീർന്നിരിക്കയാണ് ഹല്ലേലുയ്യ, ഹല്ലേലുയ്യാ സഹോദരങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ; ഹല്ലേലുയ്യ എന്നതിന്റെ അർത്ഥം എന്താണ്? ആരാണ് ഹല്ലേലുയ്യ പറഞ്ഞത്? എപ്പോഴാണ് പറഞ്ഞത്? എന്തിനാണ് പറഞ്ഞത്? വിശ്വാസികളായ നാം എപ്പോഴാണ് പറയേണ്ടത്? എന്തിനാണ് പറയേണ്ടത്? ഇത്യാദി കാര്യങ്ങൾ പ്രിയപ്പെട്ടവർ മനസ്സിലാക്കിയിരുന്നു വെങ്കിൽ നന്നായിരുന്നു.

സങ്കീർത്തനങ്ങളിൽ യഹോവയെ സ്തുതിപ്പിൻ എന്നു പരിഭാഷപ്പെടുത്തിയും വെളിപ്പാട് പുസ്തകത്തിൽ ലിപ്യാന്തരണം ചെയ്തുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവിന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ പുരുഷാരത്തിന്റെ മഹാഘോഷംപോലെ കേട്ട സ്വരമാണ് ഹല്ലേലുയ്യ. യോഹന്നാൻ കേട്ട മഹാഘോഷം വെറും ഹല്ലേലുയ്യ അല്ല. ഹല്ലേലുയ്യ എന്തുകൊണ്ടെന്നാൽ രക്ഷയും മഹത്വവും ശക്തിയും നമ്മുടെ ദൈവത്തിനുള്ളത് എന്നാണ്. ഒന്നാമത്തെ ഹല്ലേലുയ്യ മർമ്മം ബാബിലോണാകുന്ന മഹാവേശ്യയുടെ നാശത്തെ ഉദ്ദേശിച്ചത്രെ. രണ്ടാമത്തെ ഹല്ലേലുയ്യ ബാബിലോൺ നഗരത്തിന്റെ വിനാശത്തെ ആസ്പദിച്ചാകുന്നു. വെളിപ്പാട് 19:3-ൽ രണ്ടാം പ്രാവശ്യം ഹല്ലേലുയ്യ പറഞ്ഞു. ഇതിന്റെ അർത്ഥം അവർ എല്ലാവരും ചേർന്ന് ഒരുപോലെ ഒരേ സ്വരത്തിൽ പറഞ്ഞുവെന്നാണ്. അവരിൽ ആരും തന്നെ ഭാവനാത്മ രൂപത്തിലോ ഭ്രമമല്ലാതെയോ മുമ്പിലും പിറകിലുമായോ തുടർച്ചയായും പറഞ്ഞിട്ടില്ല. അവർ പറഞ്ഞ ഹല്ലേലുയ്യ മഹാഘോഷംപോലെയാണ് കേട്ടത്. ദുഷ്ടൻമാരെ തള്ളികളഞ്ഞതിനോട് ബന്ധപ്പെട്ടാണിതു സൂചിപ്പിച്ചിരിക്കുന്നത് എന്ന് തല്മൂദും, പുരാതന യഹൂദ കമൻററിയായ വിഭ്രാഷും പറയുന്നത്.

➲4



ചില ശുശ്രൂഷകൻമാർ വിശ്വാസികളെക്കൊണ്ട് നിർബന്ധപൂർവ്വം ഹല്ലേലുയ്യ പറയിപ്പിക്കുന്നത് കേൾക്കുവാനിടയായിട്ടുണ്ട്. സഭകളിൽ ശുശ്രൂഷകൻമാർ വിശ്വാസികളോട് പറയുന്നു നിങ്ങൾ യഹോവയെ സ്തുതിപ്പിൻ എന്ന്. വിശ്വാസികൾ തിരിച്ച് ശുശ്രൂകനോട് പറയുന്നു യഹോവയെ സ്തുതിപ്പിൻ എന്ന്. പരസ്പരം പറയുകയാണ് യഹോവയെ സ്തുതിപ്പിൻ.

പുതിയ നിയമത്തിൽ വെളിപ്പാട് പുസ്തകത്തിൽ മാത്രമാണ് ഈ പദം കാണുന്നത്. പഴയനിയമത്തിൽ ഈ പദം കാണുന്നില്ല. എന്നാൽ സങ്കീർത്തനങ്ങളിൽ ചില ഭാഗത്ത് ചില ആംഗലേയ വിവർത്തനങ്ങളിൽ ഹല്ലേലുയ(The living bible,JND,the book),Praise the Lord(W.B.T.C,N.A.S.B,RSV, NRSV,N.I.V,N.L.T,) i praise you( ps.104:35),Praise the Lord(105:1), shout praise the Lord<106;48,107;1(C.E.V)... എന്നിങ്ങനെ വ്യത്യസ്തമായ രീതിയിൽ കാണുന്നു. കേവലം മൂന്നു ആംഗലേയ വിവർത്തനങ്ങളിൽ മാത്രമാണ് ഹല്ലേലുയ്യ എന്നുള്ളത്. ഇത് ആദ്യമായി കാണുന്നത് സങ്കീ104:35-ലാണ്. ചില സങ്കീർത്തനങ്ങളെ ഹല്ലേലുയ്യ സങ്കീർത്തനങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

ഇന്ന് പല സഭകളിലും ഹല്ലേലുയ്യ മാത്രമെയുള്ളു. അത് കേൾക്കുന്നത് കാതിന് അസൗകര്യമാണ്. എന്നാൽ യോഹന്നാൻ കേട്ടത് പുരുഷാരത്തിന്റെ ഘോഷം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും തകർത്ത ഇടിമുഴക്കംപോലെയും ആണ്. അല്ലാതെ ഇന്നു കേൾക്കുന്ന സിനിമാ പാട്ടിന്റെ ഈണത്തിലല്ല. ഇന്ന് ഹല്ലേലുയ്യ പറയുന്നവരുടെ ഇടയിൽ കാണുവാൻ സാധിക്കുന്നത് അവർ വിശ്വാസിയോ ശുശ്രുഷകരോ ആരായിരുന്നാലും അനാവശ്യമായ വിധത്തിൽ പ്രസംഗ മദ്ധ്യേയും പ്രാർത്ഥനയുടെ ഇടയിലും ഉപയോഗിക്കുന്നു. ചിലപ്പോഴൊക്കെ ഹല്ലേലുയ്യ പറയുന്നവർക്ക് തന്നെ അറിയില്ല ഇത് ഏതു സമയത്ത് എങ്ങനെ പറയണമെന്ന്.

ചില നാളുകൾക്ക് മുമ്പ് ഒരു സുവിശേഷ യോഗത്തിൽ ഒരു പ്രശസ്ത പ്രസംഗകൻ പ്രസംഗ മദ്ധ്യേ ഹല്ലേലുയ്യ പറഞ്ഞത് കേട്ട് ഞാൻ ആശ്ചര്യപ്പെട്ടുപോയി. അതിൽ ചില ഉദാഹരണങ്ങൾ;

1.പാപം സൈനേഡിനെക്കാൾ വിഷമാണ് ഹല്ലേലുയ്യ.

2.നാം പാപത്തിലാണ് ജീവിക്കുന്നത് ഹല്ലേലുയ്യ

3.കർത്താവ് സർദ്ദീസിലെ സഭയോട് നീ ജീവനുള്ളവൻ എന്ന് നിനക്ക് പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു.ഹല്ലേലുയ്യ.

ഒരു സഭയിൽ ഒരു വ്യക്തി പ്രാർത്ഥിച്ചത് ഇപ്രകാരമായിരുന്നു; കർത്താവേ സാത്താൻ ശക്തിശാലിയാണ് പ്രയിസ്ദ ലോർഡ്,ലോകം അവന്റെ അധീനതയിലാണ് പ്രയിസ്ദലോർഡ്. ഒരിക്കൽ ഒരു പാസ്റ്റർ പറഞ്ഞ സാക്ഷ്യം ഇപ്രകാരമായിരുന്നു, ഞാൻ ഒരു വലിയ പാപിയായിരുന്നു. ഹല്ലേലുയ്യ. ഞാൻ ഒരു വലിയ മദ്യപാനിയായിരുന്നു, ഹല്ലേലുയ്യ. ഞാൻ എന്റെ ഭാര്യയെ ഒരുപാട് മർദിക്കുമായിരുന്നു,ഹല്ലേലുയ്യ... ദുഃഖകരമെന്നല്ലാതെ എന്തു പറയാൻ.

➲6

# പറഞ്ഞതും കേട്ടതും

Jessy Benson

ദൈവം നമ്മുടെ പ്രാർത്ഥനകളും യാചനകളും കൈക്കൊള്ളുന്നതിനെക്കുറിച്ച് "ഈ എളിയവൻ നിലവിളിച്ചു യഹോവ കേട്ടു" എന്നും വായിക്കുന്നുണ്ട്.(സങ്കീ 34:6,17). എന്നാൽ പ്രാർത്ഥനയും നിലവിളികളും മാത്രമല്ല, നമ്മുടെ സംസാരവും ദൈവം കേൾക്കുന്നുണ്ട്.

മോശയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഒരു കൂശ്യ സ്ത്രീയെ വിവാഹം കഴിച്ചതു നിമിത്തം അവന്റെ സഹോദരങ്ങളായ അഹരോനും മിര്യാമും അവനു വിരോധമായി സംസാരിക്കുന്നതായി നാം കാണുന്നു... മിര്യാമും അഹരോനും അവനു വിരോധമായി സംസാരിച്ചു. യഹോവ മോശ മുഖാന്തരം മാത്രമെ അരുളിച്ചെയ്തിട്ടുള്ളുവോ ഞങ്ങൾ മുഖാന്തരവും അരുളിച്ചെയ്തിട്ടില്ലയോ എന്നു പറഞ്ഞു. യഹോവ അതു കേട്ടു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.(സംഖ്യ 12:2). മോശ അതു സംബന്ധിച്ച് പരാതി പറയുകയോ കരയുകയോ ചെയ്തതായി നാം കാണുന്നില്ല. അവൻ അതി സൗമ്യനായിരുന്നതുകൊണ്ട് പ്രതികരിക്കാതിരുന്നതാവാം. എന്നാൽ താൻ ദൈവം കേട്ട വാക്കുകളോട്, ഒട്ടും താമസിപ്പിക്കാതെതന്നെ പ്രതികരിച്ചു. വാക്യം 4-ൽ പെട്ടെന്ന് ദൈവം അവരെ വിളിച്ച് ചോദ്യം ചെയ്യുകയും ശിക്ഷ വിധിക്കയും ചെയ്യുന്നതായിട്ടാണ് കാണുന്നത്. മോശയുടെ സ്വന്ത സഹോദരങ്ങളായിരുന്നിട്ടുപോലും താൻ കേട്ട വാക്കുകൾ നിമിത്തം ശിക്ഷ വിധിച്ചു.

ഏദോം എന്ന ഏശാവിനു വിരോധമായി ദൈവം ന്യായവിധി വെളിപ്പെടുത്തുമ്പോൾ അവർക്കെതിരെ ഉന്നയിക്കുന്ന പ്രധാന കുററാരോപണം യിസ്രായേലിന് വിരോധമായി അവർ സംസാരിച്ചതാണ്. പക്ഷേ ദൈവം, അവർ തന്റെ നേരെ വമ്പു പറയുന്നതായിട്ടാണ് അത് കേട്ടത്. "യിസ്രായേൽ പർവ്വതങ്ങൾ ശൂന്യമാ യിരിക്കുന്നു. അവ ഞങ്ങൾക്ക് ഇരയായി നല്കപ്പെട്ടിരിക്കുന്നു എന്നിങ്ങനെ അവയെക്കുറിച്ച് നീ പറഞ്ഞിരിക്കുന്ന ദൂഷണങ്ങളെ ഒക്കെയും യഹോവയായ ഞാൻ കേട്ടിരിക്കുന്നു... നിങ്ങൾ വായ്കൊണ്ട് എന്റെ നേരെ വമ്പു പറഞ്ഞു ഞാൻ അത് കേട്ടിരിക്കുന്നു"(യെശ 35:12,13) എന്നു പറഞ്ഞു കൊണ്ടാണ് ദൈവം ഏദോമിന് ശിക്ഷ വിധിക്കുന്നത്.

ഏശാവ് യാക്കോബിന്റെ സഹോദരനായിട്ടുപോലും ശിക്ഷ നടപ്പാക്കുന്നതിൽ യാതൊരു വിട്ടു വീഴ്ചയും ഉണ്ടായിട്ടില്ല. ദൈവം അത് തനിക്ക് വിരോധമായി സംസാരിക്കുന്നതായിട്ടാണ് കേട്ടത്. മോശയ്ക്കു വിരോധമായി മിര്യാമും അഹരോനും സംസാരിച്ചപ്പോഴും തനിക്കു വിരോധമായി സംസാരിച്ചതുപോലെ തന്നെയാണ് ദൈവം പ്രതികരിച്ചത്. നിങ്ങളെ തൊടുന്നവൻ അവന്റെ കൺമണിയെ തൊടുന്നു എന്നു വായിക്കുന്നതുപോലെ ദൈവജനത്തിനോ ദൈവദാസൻമാർക്കോ വിരോധമായി സംസാരിക്കുന്ന വാക്കുകളൊക്കെയും ദൈവത്തിനു വിരോധമായ വാക്കുകളായിട്ടാണ് കണക്കാക്കപ്പെടുക



"യഹോവ ഭക്തൻമാർ അന്നു തമ്മിൽ തമ്മിൽ സംസാരിച്ചു യഹോവ ശ്രദ്ധവെച്ചു കേട്ടു"(മലാ 3:16) എന്നും "ഞാൻ ശ്രദ്ധ വെച്ചു കേട്ടു അവർ നേരു സംസാരിച്ചില്ല"(യിര 8:6) എന്നും രേഖപ്പെടുത്തിയിരിക്കുന്നത് നമുക്കൊരു മുന്നറിയിപ്പാണ്. നാം പ്രാർത്ഥിക്കുന്നതും യാചിക്കുന്നതും ദൈവം കേൾക്കുന്നുവെന്നത് നമുക്കു ധൈര്യവും ആശ്വാസവും ആയിരിക്കുന്ന തുപോലെ തന്നെ നാം സംസാരിക്കുന്നതും പരിഹസിക്കുന്നതും അവൻ കാണുകയും കേൾക്കയും ചെയ്യുന്നതുവെന്നതും നാം കരുതിക്കൊള്ളേണ്ടതും ഭയപ്പെടേണ്ടതുമായ വിഷയമാണ്. ആകയാൽ നമ്മുടെ വാക്കുകളെ നമുക്കു സൂക്ഷിക്കാം. ദൈവം സഹായിക്കട്ടെ.

## ചിന്തിക്കാൻ

### മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ മോക്ഷ പ്രാപ്തിക്കായി കർമ്മങ്ങൾ ചെയ്യുവാനും മരിച്ചശേഷം 7,16,41 ഇങ്ങനെയുള്ള ദിവസങ്ങളിലും വർഷം തികയുന്നദിവസങ്ങളിലും മുതിരുന്നവരുണ്ട്. അന്ന് അന്നദാനവും ഒരു പ്രധാന ചടങ്ങായിരിക്കും. ഇങ്ങനെയൊക്കെ ആചരിക്കുന്നവരുടെ മദ്ധ്യേയാണ് ബ്രദറുകാരും ജീവിച്ചതും ജീവിക്കുന്നതും. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന അർത്ഥ ശൂന്യമാണെന്നും ജീവിച്ചിരിക്കുമ്പോൾ ദൈവത്തോട് നിരപ്പുണ്ടാക്കാതെ മരണശേഷം മററുള്ളവർ വേണ്ടതു ചെയ്യുമെന്നുള്ളതു ദുരുപദേശമാണെന്നു പഠിപ്പിക്കയും അങ്ങനെയുള്ള ചടങ്ങുകളിൽ പങ്കെടുക്കാതിരിക്കയും ചെയ്യുന്നവരായിരുന്നു ബ്രദറുകാർ. ചടങ്ങുകളിൽ പങ്കെടുക്കുകയും അതു തെററാണെന്നു പറയുകയും ചെയ്യുന്നതു വിരോധാഭാസമാണ്. ഇന്നിപ്പോൾ ഉററവരുടെ മരണവാർഷികം ആകുമ്പോൻ സമദ്ധമായ ഒരു ചായസൽക്കാരമോ സദ്യയോ സഹിതം ഒരു പ്രാർഥന സംഘടിപ്പിക്കുന്നവർ നമ്മുടെയിടയിലും ആയിത്തുടങ്ങിയിട്ടില്ലേ.

**(തോമസ് .എ.ഇട്ടി)**

ഹല്ലേലുയ്യ... തുടർച്ച

പ്രിയപ്പെട്ടവരെ, ഹല്ലേലുയ്യ എന്നത് സ്വർഗ്ഗത്തിൽ വസിക്കുന്നവനായ ദൈവമാകുന്ന യഹോവയെ പുത്രനായ ക്രിസ്തുവിൽ കൂടി പരിശുദ്ധാത്മാവിന്റെ സഹായത്തോടെ സ്തുതിക്കുവാനുള്ള ആഹ്വാനമാണ്. യഹോവയെ സ്തുതിപ്പിൻ എന്നു മററുള്ളവരോട് പറയാതെ നമുക്ക് യഹോവയെ സ്തുതിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

# ദൈവ കണം

**Simon Payyanur**

ഇരുപതാം നൂററാണ്ടിലെ ഏററവും വലിയ കണ്ടുപിടുത്തമെന്നു വിശേഷിപ്പിക്കുന്ന ഡി.എൻ.എ യേക്കാൾ വലിയ കണ്ടുപിടുത്തമായാണ് ദൈവകണത്തെ ശാസ്ത്രജ്ഞൻമാർ കാണുന്നത്.

എന്താണ് ദൈവകണം? ഭൗതിക ശാസ്ത്ര നോബൽ സമ്മാന ജേതാവായ ലിയോൺ ലിഡർമാൻ "ഹിഗ്സ് ബോസോൺ" എന്ന കണത്തെ കണ്ടെത്തുവാൻ വളരെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. നിവൃത്തിയില്ലാതെ വന്നപ്പോൾ ക്ഷമകെട്ട് നാശം പിടിച്ച കണിക എന്നർത്ഥം വരതക്ക 'god damm particle' എന്നു നിർദ്ദേശിച്ചു. ഇവ പിന്നീട് പരിവർത്തനം വരുത്തിയപ്പോൾ 'god particle' അഥവാ "ദൈവകണ"മെന്നു നാമകരണം ചെയ്തു. ലിയോൺ ലിഡർമാൻ നാസ്തികനായിരുന്നുവെങ്കിലും ഈ പേരിന് എതിർപ്പ് പ്രകടിപ്പിച്ചില്ല.

"ഹിഗ്സ്ബോസോൺ" കണത്തെക്കുറിച്ച് ആദ്യമായി വെളിപ്പെടുത്തിയത് പീററർ ഹിഗ്സ് എന്ന ശസ്ത്രജ്ഞനാണ്. 1964-ലാണ് ഇതിനെക്കുറിച്ച് ആദ്യമായി വെളിപ്പെടുത്തലുകൾ ഉണ്ടായത്. ലോകത്തിന്റെ ഉത്പത്തി,നിർമ്മിതി എന്നിവ വിശദീകരിക്കുവാൻ "ഹിഗ്സ് ബോസോൺ" കണത്തെ മനസ്സിലാക്കണമെന്നും, അതിനാൽ അതിനെ കണ്ടെത്തുവാൻ യൂറോപ്യൻ ആണവോർജ്ജ ഏജൻസി ആ ഉത്തരവാദിത്വം ഏറെറടുക്കുയും ചെയ്തു. കോടാനുകോടി വർഷങ്ങൾക്കു മുമ്പ് കണികകൾ യോജിച്ച് നക്ഷത്രങ്ങളും ഗ്രഹങ്ങളും രൂപംകൊണ്ടെന്നാണ് ശാസ്ത്രമതം. ഇതിനെ അനുകൂലിച്ച് ലോകത്തിലെ നിരവധി രാജ്യങ്ങളും സർവകലാശാലകളും മുന്നോട്ടു വന്നിട്ടുണ്ടെന്നാണ് റിപ്പോർട്ട്.

1989-ൽ 55000 കോടി രൂപ ചിലവിട്ട് ലോകത്തെ ഏററവും വലിയ യന്ത്രമായ ലാർജ് ഹാഡ്രോൺ കൊളൈഡർ സ്ഥാപിച്ച് യൂറോപ്പിലെ ശാസ്ത്രജ്ഞൻമാർ രണ്ട് വ്യത്യസ്ഥ സാങ്കേതിക മാർഗ്ഗത്തിലൂടെ പ്രോട്ടോൺ ബീമുകളെ എതിർദിശയിൽ കൂട്ടിയിടിപ്പിച്ച് ഹിഗ്സ് ബോസോൺ കണ്ടെത്തി. 350 ലക്ഷം കൂട്ടിയിടിക്കലിൽ പത്തു പ്രാവശ്യത്തിലധികം ഹിഗ്സ് കണ്ടെത്തിയെന്നാണ് പറയപ്പെടുന്നത്. അതിനാലാണ് മഹാ വിസ്ഫോടനത്തിന്റെ ഫലമായി പ്രപഞ്ചം ഉണ്ടായി എന്നു ഇവർ പറയുന്നത്. 100-150- മീററർ താഴ്ചയിൽ 27 കി.മി. ചുററളവിൽ ഒരു തുരങ്കത്തിൽ കൂടി പ്രകാശ വേഗതയിൽ പ്രോട്ടോൺ പ്രവാഹത്തെ കൂട്ടിയിടിപ്പിക്കയായിരുന്നു.

പ്രപഞ്ചത്തിന്റെ ഉത്പത്തി കണ്ടെത്തുവാൻ ശാസ്ത്രജ്ഞൻമാർ കോടികൾ മുടക്കി പരക്കം പായുകയാണ്. എന്നിട്ടും ഒരു വ്യക്തമായ പര്യവസാനത്തിലേക്കു വരുവാൻ അവർക്കു സാധിക്കുന്നില്ല. സാധിക്കയുമില്ല. കാരണം ദൈവീക വാക്കുകളാൽ നിർമ്മിക്കപ്പെട്ട പ്രപഞ്ചത്തിന്റെ ഉത്പത്തികണ്ടെത്തുവാൻ ദൈവസൃഷ്ടിയായ മനുഷ്യന് അസാദ്ധ്യം. ➲12



# ദൈവസഭഃ അതിനു യേശുവിന്റെ നാമം മാത്രം മതിയായത്

തുടർച്ച

**C.H.MACKINTOSH**

**പരിഭാഷ-പി.ഡി.ചാക്കോ- കുറുമാത്തൂർ**

ഒരു സഭയിൽ ചേർന്നുവെന്നോ ഒരു കൂടിവരവിൽ അംഗമായി എന്നോ ഒരു കക്ഷിയോടോ മാർഗ്ഗത്തോടോ ഒരു താത്പര്യത്തോടോ ബന്ധപ്പെട്ടു പോവാൻ തീരുമാനിച്ചു എന്നോ ഒക്കെ പറയുന്നതു നാം കേൾക്കാറുണ്ട്. സഭയോടു ബന്ധപ്പെട്ട് ഇങ്ങനെയൊക്കെ പറഞ്ഞാൽ അതു നമ്മുടെ മനസ്സിൽ ആശയക്കുഴപ്പം ഉണ്ടാക്കും. ദൈവസഭയെക്കുറിച്ച് യഥാർത്ഥ ആശയം നമ്മുടെ മനസ്സിൽ ലഭിക്കാതെ പോകുകയും ചെയ്യും. നാം ഏതിനോടെങ്കിലും ചേരേണ്ടതായ ആവശ്യം ഇല്ല. ദൈവം നമുക്കു രൂപാന്തരം വരുത്തിയപ്പോൾ അവൻ തന്റെ ആത്മാവിനാൽ നമ്മെ ക്രിസ്തുവിനോടും ക്രിസ്തുവിന്റെ ശരീര ഇതര അംഗങ്ങളോടും ചേർത്തു, അതു ധാരാളം മതിയാകും. ദൈവസ ഭയുടെ ഏക കേന്ദ്രം ക്രിസ്തുവാണ്.

അവൻ മതിയായവനല്ലേ? നമുക്കു ചോദിക്കാം. നമുക്കു കർത്താവിനോടു പററിച്ചേർന്നാൽ(1 കൊ 6:7, കാണുക) മതിയാകയില്ലേ?അതിനോടു മററു പലതും കൂട്ടിചേർക്കുന്നതെന്തിനാണ്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്(മത്താ 18:20). അതിലധികമായി നമുക്ക് എന്താണ് വേണ്ടത്. യേശു നമ്മുടെ നടുവിൽ ഉണ്ടെങ്കിൽ മനുഷ്യരിൽ നിന്ന് ഒരു അദ്ധ്യക്ഷനെ വാഴിക്കുവാൻ നാം എന്തിനു മനസ്സ് വെക്കണം. എന്തുകൊണ്ട് ഏക മനസ്സോടെ ഏകാഭിപ്രായത്തിൽ അവൻ തന്നെ അദ്ധ്യക്ഷനായിരിക്കുന്നതിനു അനുവദിച്ചുകൊണ്ട് സകല കാര്യങ്ങളിലും അവന്റെ മുമ്പിൽ തല വണക്കികൂടാ. എന്തിന് ദൈവഭവനത്തിൽ ഏതെങ്കിലും തരത്തിലുള്ള അല്ലെങ്കിൽ രൂപത്തിലുള്ള മാനുഷിക അധികാരവും സ്ഥാനങ്ങളെ രൂപപ്പെടുത്തിവെക്കണം.

എന്നാൽ ഇങ്ങനെ ചെയ്തു കഴിഞ്ഞിരിക്കുന്നു, അതിനെക്കുറിച്ച് പറയുന്നതായിരിക്കും എളുപ്പം. ദൈവസഭ എന്ന പേരിൽ അറിയപ്പെടുന്നതിന്റെ അകത്ത് മനുഷ്യനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ദൈവിക അധികാരത്തെ മാത്രം അംഗീകരിക്കേണ്ട മേഖലകളിൽ മനുഷ്യൻ അധികാരം നടത്തുന്നതായി നാം കണ്ടുകൊണ്ടിരിക്കുന്നു. ഓരോ സഭാ വിഭാഗങ്ങളുടെയും പ്രമാണമനുസരിച്ച് അത് പോപ്പ്, ഇടവക വികാരി,പുരോഹിതൻ,ബിഷപ്പ് അങ്ങനെ എന്തുമായിരിക്കാം. ക്രിസ്തുവിന്റെ സ്ഥാനത്ത് മനുഷ്യൻ ഇരിക്കുന്നതായിട്ടാണ് അവിടെയെല്ലാം കാണുന്നത്. പോപ്പ് തന്റെ കീഴിൽ വരുന്ന അധികാരികളുടെ പ്രവർത്തനമേഖലകൾക്കനുസരിച്ച് കർദ്ദിനാൾമാരെയും, പ്രതിപുരുഷൻമാരെയും,ബിഷപ്പുമാരെയും മററും നിയമിക്കുന്നു. ➲9

അല്ലെങ്കിൽ ഒരു അദ്ധ്യക്ഷൻ 10 മിനിററ് പ്രാർത്ഥിക്കുന്നതിനോ പ്രബോധനം പറയുന്നതിനോ ആരെയെങ്കിലും ചുമതലപ്പെടുത്തുന്നു. ഈ രണ്ടു കാര്യങ്ങളിലും അവലംബിക്കുന്ന പ്രമാണം ഒന്നു തന്നെ. ദൈവത്തിന്റെ അധികാരത്തെ മാത്രം അംഗീകരിക്കേണ്ടതായ ഈ മേഖലകളിലെല്ലാം മാനുഷിക അധികാരികൾ തങ്ങളുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു നമ്മുടെ മദ്ധ്യേ ഉണ്ടെങ്കിൽ സകലത്തിനും നമുക്ക് അവങ്കലേക്കു നോക്കാം.

ഇങ്ങനെ പറയുമ്പോൾ ഉയർന്നു വന്നേക്കാവുന്ന ഒരു ചോദ്യം ഞങ്ങൾ പ്രതീക്ഷിക്കുന്നു. മാനുഷികമായ അധികാര സ്ഥാനങ്ങൾ വേണമെന്നു ചിന്തിക്കുന്നവർ ഇങ്ങനെ ചോദിച്ചേക്കാം: ഏതെങ്കിലും രീതിയിലുള്ള മാനുഷിക നേതൃത്വം ഇല്ലെങ്കിൽ പിന്നെങ്ങനെയാണ് ഒരു സഭയ്ക്ക് മുമ്പോട്ട് പോകുവാൻ സാധിക്കുന്നത്. അങ്ങനെയായാൽ സകലവിധ കുഴപ്പങ്ങൾക്കും അത് വഴിതെളിയിക്കയില്ലേ. അത്തരം സഹചര്യങ്ങളിൽ കൃപാവരവും യോഗ്യതയുമില്ലാത്ത പലരും അതിക്രമിച്ചു കടന്നു വന്ന് സഭയിൽ ഭരണം നടത്തുവാൻ അവർക്കു വാതിൽ തുറന്നിട്ടുകൊടുക്കുന്ന ഒരു സ്ഥിതി വിശേഷം സംജാതമാകയില്ലേ?

ഇതിനു ഞങ്ങൾക്കുള്ള മറുപടി ഏററവും ലളിതമാണ്. യേശു മാത്രം മതിയായവൻ. അവന്റെ ഭവനത്തിൽ സകലവും ക്രമമായി ചെയ്യുവാൻ നാം അവനിൽ ആശ്രയിച്ചാൽ മതി. ഏററവും പ്രഗത്ഭനും വ്യക്തി പ്രഭാവമുള്ളവനുമായ ഒരു മാനുഷിക അദ്ധ്യക്ഷന്റെ കൈക്കീഴിൽ നിന്ന് ലഭിച്ചേക്കാവുന്നതിലും എത്രയോ അധികമായ സുരക്ഷിതത്വംകരുണയും ശക്തിയുമുള്ള അവന്റെ കരങ്ങളിലിരുന്നുകൊണ്ട് നമുക്കു അനുഭവിക്കുവാൻ കഴിയും. നമ്മുടെ സകല കൃപാവരങ്ങളും യേശുക്രിസ്തുവിൽ നിക്ഷേപമായിട്ടിരിക്കുന്നു. സകല ആത്മീയ ശുശ്രൂഷകൾക്കും ആവശ്യമായ അധികാരത്തിന്റെ ഉറവിടം അവനാണ്. "അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്." നാം അവനിൽ പൂർണ്ണമായ വിശ്വാസം അർപ്പിച്ചാൽ മതി. നമ്മുടെ സഭയിലെ കാര്യങ്ങളെല്ലാം നമ്മുടെ ആത്മരക്ഷപോലെതന്നെ അത്രയും പൂർണ്ണതയുള്ളതായി അവൻ ക്രമപ്പെടുത്തിതരും. ഈ ലേഖനത്തിന്റെ തലക്കെട്ട് "ദൈവസഭ"യെയും അതിന് യേശുവിന്റെ നാമം മാത്രം മതിയായത് എന്ന സത്യത്തെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നൽകുവാൻ പ്രേരണയുണ്ടായത് ഈ ഒരു കാരണത്താലാണ്. യേശുവിന്റെ നാമം സത്യമായും സകലത്തിനും മതിയായതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതു കേവലം മനുഷ്യരുടെ ആത്മരക്ഷയ്ക്കു മാത്രമല്ല, സഭയുടെ സകല പ്രവർത്തനങ്ങൾക്കും-ആരാധന, കൂട്ടായ്മ,ശുശ്രൂഷ,അച്ചടക്കം,ഭരണകാര്യങ്ങൾ തുടങ്ങി സകലത്തിനും മതിയായതാണ്. അവൻ കൂടെയുണ്ടെങ്കിൽ നമുക്കു സകലവും സമൃദ്ധിയായി ഉണ്ടായിരിക്കും.

ഇതാണ് നമ്മുടെ ഈ പഠനവിഷയത്തിന്റെ യഥാർത്ഥ കാമ്പും കരുത്തും.(Marrow and substance) യേശുവിന്റെ നാമത്തെ ഉയർത്തുക എന്നതാണ് ഞങ്ങളുടെ ഏക ലക്ഷ്യം. എന്നാൽ അവന്റെ ഭവനം എന്നു സ്വയം അവകാശപ്പെടുന്ന സ്ഥലങ്ങളിൽ അവൻ അവമാനിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ ➲10



വിശ്വസിക്കുന്നു. അവനെ സ്ഥാനഭ്രഷ്ടനാക്കിയിട്ട് മനുഷ്യന്റെ അധികാരങ്ങളെ അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നു. അവിടെ അവൻ ഒരാൾക്ക് ഒരു ആത്മീയ കൃപാവരം കൊടുത്താൽ അത് പ്രയോജനമില്ലാതെ പോകുന്നു; അത് ലഭിച്ചവന് മനുഷ്യന്റെ മുദ്രയും അനുവാദവും അധികാരപത്രവുമില്ലെങ്കിൽ അതു ഉപയോഗിക്കുവാൻ സാധിക്കുകയില്ല. അതു മാത്രമല്ല; ആത്മീയ കൃപാവരത്തിന്റെ ഒരു കണികപോലുമില്ലാത്ത ഒരുവന്-അതേ, ഒരു പക്ഷേ ആത്മീയ ജീവന്റെ ഒരു കണികപോലും ഇല്ലാത്തവനുതന്നേ-തന്റെ മുദ്രയും അധികാരവും അനുവാദവും നല്കിയാൽ നന്നായിരിക്കും എന്ന് മനുഷ്യൻ ചിന്തിച്ചാൽ, ഒരു സംശയവും വേണ്ട, അവൻ അംഗീകാരമുള്ള ഒരു ശുശ്രൂഷകനായി സ്വീകരിക്കപ്പെടും. ചുരുക്കത്തിൽ, ക്രിസ്തുവിന്റെ കൃപാദാനമില്ലെങ്കിലും മനുഷ്യന്റെ അധികാരപത്രമുള്ള ഒരു മനുഷ്യൻ ഒരു ശുശ്രൂഷകനായി മാറുന്നു; എന്നിരുന്നാലും ക്രിസ്തുവിന്റെ കൃപാദാനമുണ്ടായിരുന്നാലും മനുഷ്യന്റെ അധികാരം ലഭിക്കാത്തയാൾ ശുശ്രൂഷകനായി സ്വീകരിക്കപ്പെടുന്നില്ല. ഇതു കർത്താവായ യേശുവിനോടു കാണിക്കുന്ന അവമാനമല്ലെങ്കിൽ പിന്നെന്താണ്.

ക്രിസ്തീയ വായനക്കാരാ, ഒന്നു നില്ക്കൂ, മാനുഷികാധികാരം എന്ന ഈ പ്രമാണത്തെക്കുറിച്ച് നന്നായിട്ടൊന്നു ചിന്തിച്ചു നോക്കുക. നിങ്ങൾ അതിന്റെ വേരുകളോളം ഇറങ്ങിച്ചെന്ന് തിരുവചന വെളിച്ചത്തിൽ ദൈവസന്നിധിയിൽ വെച്ച് അത് നന്നായി പരിശോധിക്കയും ഒരു നിഗമനത്തിലെത്തുകയും ചെയ്യുന്നുണ്ടോ, എന്നറിയാൻ ഞങ്ങൾക്കാകാംക്ഷയുണ്ട്. ഇതു ദൈവസഭയുടെയും സൂര്യനു കീഴിലുള്ള മാനുഷിക സംഘടനകളുടെയും പ്രമാണങ്ങളെ തമ്മിൽ വേർതിരിച്ചു കാണിക്കുന്ന പ്രധാന ഘടകമാണെന്നു തിരിച്ചറിയുക. റോമാ സഭ മുതൽ നാളിതുവരെ ഉണ്ടായിട്ടുള്ള ഏതു മത സംഘടനയെയും എടുത്തു നോക്കിയാലും അവിടെയെല്ലാം മനുഷ്യന്റെ അധികാരം വേണമെന്ന ആവശ്യവും അംഗീകാരവും കാണാം. അതുണ്ടെങ്കിൽ നിങ്ങൾക്കു ശുശ്രൂഷ ചെയ്യാം. ഇല്ലെങ്കിൽ സാദ്ധ്യമല്ല; അതിനു വിപരീതമായി, ദൈവസഭയിൽ ക്രിസ്തുവിന്റെ കൃപാദാനം മാത്രം മതിയാകും, മനുഷ്യരിൽ നിന്നുള്ള അധികാരം ആവശ്യമില്ല. മനുഷ്യരിൽ നിന്നല്ല, മനുഷ്യരാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിച്ച പിതാവായ ദൈവത്താലുമത്രെ.(ഗലാ 1:1). ഇതാണ് ദൈവസഭയിൽ ശുശ്രൂഷ ചെയ്യുന്നതിനുള്ള ശ്രേഷ്ഠമായ പ്രമാണം. (തുടരും)

## പാപം

**പാപം എല്ലാററിനെയും കുറയ്ക്കുന്ന ഒന്നാണ്. അത് നമ്മുടെ ധനത്തെ നശിപ്പിക്കും, സ്വാതന്ത്ര്യത്തെ തടവിലാക്കും,ആരോഗ്യത്തെ ഹനിക്കും,ആയുസ്സിനെ കുറയ്ക്കും,പെട്ടെന്ന് ശവക്കുഴിയിലേക്ക് നമ്മെ നയിക്കും**

**-ഗ്രിഫിത്ത് വില്യംസ്**

# God's Presence in Student's Life

**Prisy Jose** -Jaipur


I went down the stairs
Being late for lecture class
Holding my breath all the way till...
I slipped...& down the railings
Was the polished marble basement!
But someone held me back!..
I was balanced on my feet
Was that God's arm?

It was my Lab exam,
Previous day was a busy day for me
Not at all mentally prepared...
Viva questions spread before me
Didn't knew what to answer...
But someone made my tongue speak!..
& I excelled in the exam
Was that God's touch?

When Theoryexam was on its peak
Never used to complete the paper in time
Tortoise  speed was my weakness...
That day, there was lot to write
I placed the pen in my fingers...
But someone kept hand on my hand!..
I completed exam half an hour early
Was that God's hand?

When seeking the answer for the question,
I encountered from God's word a quotation:
"Be strong & courageous. Do not be afraid
for Lord your God goes with you,
He will never leave you nor forsake you."(Deut 31:6)
*I will always be faithful **student** to you!!*
*My Teacher, My Refuge, I praise you....*





# ഗാനക്വിസ്. 146



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ആഗസ്റ്റ് 28 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. പർവ്വതങ്ങളും കുന്നുകളും പാരിതിൽ നിന്നു മാറിയാലും**
**പരിശുദ്ധനുടെ വൻദയയാൽ...**

**ഗാനക്വിസ് 143-ന്റെ ഉത്തരവും വിജയികളുടെ പേരുകളും;**

**മറന്നുപോകാതെ നീ മനമേ ജീവൻ**
**പറന്നുപോകും വേഗം ജഡം മണ്ണായിടുമേ.**

**രചയിതാവ്: മോശ വത്സലം**

1.Thankamma Varghese-Edayaranmula
2.Omana Varghese-Jabalpur
3.Kunjamma Benny-Pathanapuram
4.Victoria George-Trichur
5. M.V.Samuel-Tiruvalla
6.John Mathai-Bangalore
7.Saramma Samuel-Eraviperoor
8. John Benjamin-Chepra
9.Mariamma Thomas-Kunnamthanam
10.Jolly Samuel-Kochi
11.Magi Simon Permanagalam
12.T.Lilly Poulose-Secunderabad
13.Annamma Johnson-Othera

**ദൈവകണം...തുടർച്ച**

വിശുദ്ധ വേദപുസ്തകം പ്രപഞ്ചോത്പത്തിയെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു". ഒരു മനുഷ്യ മസ്തിഷ്ക്കത്തിനു മനനം ചെയ്യാൻ പററാത്തവിധത്തിലും ഒരു കണ്ടുപിടുത്തത്തിലൂടെയും മനസ്സിലാക്കാൻ സാധിക്കാത്തതുമാണ് പ്രപഞ്ചോത്പത്തി. കണികകൾ യോജിച്ച് നക്ഷത്രങ്ങളും ഗ്രഹങ്ങളും ഉണ്ടായി എന്നു ഒരു കൂട്ടം ശാസ്ത്രജ്ഞൻമാർ പറയുമ്പോൾ, ദൈവവചനം പറയുന്നത് "ദൈവകല്പനയാൽ ഇവയുളവായി" ( ഉല്പ 1-ാം അദ്ധ്യായം) എന്നതാണ്. ദൈവത്തിന്റെ വാക്കുകളിൽ കൂടെ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചത്തിന്റെ ഉത്പത്തി ചികയുവാൻ എത്ര കോടികൾ മുടക്കിയാലും ഒരു വ്യക്തമായ നിർണ്ണയത്തിലെത്തുവാൻ ഒരു ശാസ്ത്രജ്ഞനും സാധിക്കയില്ല. ഇന്നു പറയുന്ന കാര്യങ്ങൾ നാളെ മാററി പറയുന്നതാണ് ശാസ്ത്രമതം. ഉദാഹരണങ്ങൾ നിരവധി. എന്നാൽ സകല ചരാചരത്തിന്റെ ഉടയവനും ആ ദൈവത്തെ വെളിപ്പെടുത്തിയ വിശുദ്ധ വേദപുസ്തകവും ഇന്നും മാററമില്ലാതെ നില്ക്കുന്നു. അതിനാൽ ദൈവകണത്തെ കണ്ടെത്തുന്നതിനു പകരം ദൈവത്തെ കണ്ടെത്തുക. ജീവനുള്ള ദൈവത്തെ കണ്ടെത്തുവാൻ കോടികൾ മുടക്കേണ്ട, ക്ഷമ നശിക്കേണ്ട. വിശ്വസിക്കുക. എങ്കിൽ 'ദൈവകണം' നിന്നിലേക്കു പ്രവഹിക്കും.

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

**Happy Voice - സന്തോഷധ്വനി**



**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906



**Annual Subscription;-**

| | |
|---|---|
| India | Rs. 50.00 |
| Gulf | Rs. 500.00 |
| USA | $ 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;

SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.Gujarat.
Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in

OR

SIMON PAYYANUR
A/c .NO.10316650005

IFSC Code: SBIN0000373.


## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ടിന്റെ 11-ാമത് ബാച്ചിന്റെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കയും സഹായിക്കയും ചെയ്താലും.

**Gujarat Brethren Bible Institute**
**Plot.No.147,Sector.7**
**Gandhidham,Kutch,Gujarat. 370201.**

## ചോദ്യം

അടുത്ത ചില നാളുകളായിട്ട് നമ്മുടെ ചില ബ്രദറൺ സഭകളിൽ പുതുതായി ഒരു പഠിപ്പിക്കൽ ആരംഭിച്ചത് ഇങ്ങനെയാണ്. സഭയിലെ മൂപ്പൻമാർ, ദൈവത്തോട് മാത്രമാണ് ഉത്തരം പറയേണ്ടത്. അവരുടെ ജീവിതത്തിലെ കുറവുകൾ, സഭാ ഭരണത്തിനും ശുശ്രൂഷകൾക്കും തടസ്സമാകുന്നില്ല. സഭയിലെ അംഗങ്ങൾക്ക് അവരുടെ കുറവുകളെ ചോദ്യം ചെയ്യുവാനുള്ള അവകാശവും ഇല്ല. ഇങ്ങനെയുള്ള തെററുകൾ ചൂണ്ടിക്കാണിച്ചാൽ അവർ ദൈവത്തോട് മത്സരിക്കുന്നവരാണ്. ഈ ഉപദേശം ദൈവവചനപ്രകാരം ശരിയാണോ. ഇതിന്റെ ഒരു മറുപടി അടുത്തലക്കം മാസികയിൽ പ്രതീക്ഷിക്കുന്നു. **ഒരു സഹോദരൻ-പൂനെ.**

ചോദ്യം കാലിക പ്രസക്തമായതിനാൽ ചില കാര്യങ്ങൾ പറയാം.

1. മനുഷ്യരുടെ മുമ്പാകെ ഉത്തരംപറയാത്ത മൂപ്പൻമാർക്ക് ദൈവമുമ്പാകെ ഉത്തരം പറയാൻ സാധിക്കില്ല.
2. ജീവിതത്തിലെ കുറവുകൾ സഭാ ഭരണത്തിനും ശുശ്രൂഷകൾക്കും തടസ്സമാണ്. കുറവുകൾ ഉള്ളവർ പരിഹരിക്കണം. പരിഹരിക്കാതെ ശുശ്രൂഷ ചെയ്യരുത്.
3. യോഗ്യമല്ലാത്ത ജീവിത കുറവുകൾ ഉള്ളവരെ വചനപ്രകാരം ചോദ്യം ചെയ്യുവാൻ വിശ്വാസികൾക്ക് അധികാരമുണ്ട്. അങ്ങനെയുള്ളവർ സ്വയമായി മാറണം.
4. തെററുകളെ ചൂണ്ടിക്കാണിക്കുന്നവർ ദൈവത്തോട് മത്സരിക്കുന്നവരല്ല. പ്രത്യുത ദൈവത്തെ മാനിക്കുന്നവരാണ്. (SP)